(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളുണ്ടായിരുന്നു;

(ബി) അവയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയായിരുന്നു;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനു തൊട്ടുമുൻപ് ഒരു വർഷം എത്ര ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്ത് വിറ്റഴിഞ്ഞു;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളുണ്ട്;

(ഇ) അവയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയാണ്;

(എഫ്) 1999-2000-ൽ എത്ര ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്തു;

(ജി) സംസ്ഥാനത്ത് ഒരു വർഷം എത്ര വ്യാജമദ്യം കൊണ്ടുവരുന്നതായി കണക്കാക്കിയിട്ടുണ്ട്;

(എച്ച്) സംസ്ഥാനത്ത് പ്രതിശീർഷ മദ്യ ഉപഭോഗം എത്രയാണ്;

(ഐ) സംസ്ഥാനത്ത് മദ്യത്തിനുവേണ്ടി പ്രതിവർഷം എന്തുതുക ചെലവിടുന്നു;

(ജെ) ഇൻഡ്യൻ സംസ്ഥാനങ്ങളിൽ മദ്യപാനത്തിന്റെ അളവിൽ കേരളത്തിന്റെ സ്ഥാനം എത്രാമത്തേതാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 എണ്ണം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 32.53 ലക്ഷം കേസ്.

(ഡി) 19 എണ്ണം.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 13.83 ലക്ഷം കേസ്സുകൾ.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്)&(ഐ) കണക്കാക്കിയിട്ടില്ല.

(ജെ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

വ്യാജമദ്യലോബിയുടെ പ്രവർത്തനം

(305) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാജ മദ്യലോബിയുടെ പ്രവർത്തനം അതിശക്തമായ തോതിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വ്യാജമദ്യ ലോബിയുടെ പ്രവർത്തനങ്ങളും സ്പിരിറ്റ് മാഫിയായുടെ പ്രവർത്തനങ്ങളും തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വ്യാജ മദ്യവില്പ നയും വിതരണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജി സ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഈ കേസ്സുകളിൻമേൽ എത്ര എണ്ണത്തിന്മേൽ നടപടി സ്വീകരി ച്ചിട്ടുണ്ട്;

(എഫ്) പോലീസ് ഉദ്യോഗസ്ഥന്മാരും എക്സൈസ് ഉദ്യോഗസ്ഥന്മാരും പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ജി) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ ചാരായ കള്ളിന്റെ അനധി കൃതമായ നിർമ്മാണവും വിൽപ്പനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) സംസ്ഥാനത്ത് ചാരായനിരോധനം പിൻവലിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് വ്യാജമദ്യലോബിയുടെ പ്രവർത്തനം ശക്തിയായ തോതിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില ഒറ്റപ്പെട്ട സംഭവ ങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ തടയുന്നതിന് ശക്തമായ റെയ്ഡുകളും പരി ശോധനകളും നടത്തിവരുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെ ടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയായും തടവുശിക്ഷ പരമാവധി പത്ത് വർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, റവന്യൂ, എക്സൈസ് വകുപ്പുക ളുടെ സംയുക്ത റെയ്ഡുകളും നടത്തിവരുന്നു. വ്യാജമദ്യത്തിനെതിരെ ജന കീയ കമ്മിറ്റികൾ രൂപീകരിച്ചത് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(സി)&(ഡി) 2000-ാമാണ്ട് ഫെബ്രുവരിവരെ 42212 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സ്പിരിറ്റുമായി ബന്ധപ്പെട്ട കേസ്സുകളും ഉൾപ്പെട്ടിട്ടുണ്ട്. സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകളുടെ പ്രത്യേക കണക്ക് ലഭ്യമല്ല.

(ഇ) എല്ലാ കേസ്സുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിലെ കള്ളുഷാപ്പുകളിലൂടെയുള്ള ചാരായ കച്ചവടം തടയുന്നതിനായി കള്ളുഷാപ്പുകളിലും ഗോഡൗണുകളിലും നിരന്തരം റെയ്ഡുകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോ ധനയ്ക്ക് അയയ്ക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കു കയും ചെയ്തുവരുന്നു.

(എച്ച്) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly